ഭരണഭാഷ-മാതൃഭാഷ

# താലൂക്കാസ്ഥാന ആശുപത്രി,ചേർത്തല

ആശുപത്രി റോഡ്,ചേർത്തല,ആലപ്പുഴ-688524

ഫോൺ നം.[ആഫീസ്]0478-2812693 [ക്യാഷ്വാലിറ്റി] 2812683 [നേഴ്സിംഗ് സൂപ്രണ്ട്] 2821411

thqhcherthala@gmail.com

നം.ബി1-1306 /2025 തീയതി.05.03.2025

## പുനർ ദർഘാസ് പരസ്യം

വിഷയം:-താലൂക്കാസ്ഥാനാശുപത്രി ചേർത്തല-2025-26 വർഷത്തേയ്ക്ക് ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ദർഘാസ് സംബന്ധിച്ച്

സൂചന:-1)ദർഘാസ് നം.ബി1-1306/2025/സൂ.താ.ആ.ആ.ചേർത്തല തീയതി.29.01.2025.

ചേർത്തല താലൂക്കാസ്ഥാനാശുപത്രിയിലേയ്ക്ക് 01/04/2025 മുത ൽ 31/03/2026 വരെ താഴെപ്പറയുന്ന ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ. നം. | ഇനവിവരം | ഒരു വർഷത്തേയ്ക്കുള്ള ഏകദേശ അളവ് |
|---|---|---|
| 1 | ബ്രഡ്(വെള്ള) | 10000 kg |
| 2 | അടങ്കൽ തുക | 500000/-(അഞ്ച് ലക്ഷം) |
| 3 | നിരതദ്രവ്യം | 5000/- |
| 4 | ടെൻഡർ ഫാറത്തിന്റെ വില | 1000/- + GST(18%) |
| 5 | ടെൻഡർ കാലയളവ് | 1/4/2025 മുതൽ 31/3/2026 വരെ |
| 6 | ടെൻഡർ ഫാറം നല്കുന്ന അവസാന തീയതി | 18/03/2025 പകൽ 2.00 മണി വരെ |
| 7 | ടെൻഡർ ഫാറം സ്വീകരിക്കുന്ന അവസാന തീയതി | 20/03/2025 പകൽ 2.00 മണി |
| 8 | ടെൻഡർ തുറക്കുന്ന തീയതി | 20/03/2025 പകൽ 2.30 മണി |

### ദർഘാസ് വ്യവസ്ഥക ൾ

ദർഘാസ് ഫാറവും വ്യവസ്ഥകളും അതിനനുബന്ധിച്ചുള്ള സാധനങ്ങളുടെ വിവരങ്ങളടങ്ങിയ പട്ടിക എന്നിവ 10/03/2025 മുതൽ 18.03.2025 പകൽ 2 .00 മണി വരെ പ്രവർത്തി സമയങ്ങളിൽ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ടെൻഡർ ഫാറത്തിന്റെ വിലയായ 1000/- രൂപയും നിയമാനുസൃത ജി.എസ്.ടി യും(18 %) പകർപ്പ് ആവശ്യമുള്ളവർ ആയതിന്റെ വിലയായ 500/- രൂപയും നിയമാനുസൃത ജി.എസ്.ടി യും(18 %) അടച്ച് ഓഫീസിൽ നിന്നും കൈപ്പറ്റാവുന്നതാണ്. 200/- രൂപ (ഇരുന്നൂറ് രൂപ മാത്രം) വിലയുള്ള മുദ്രപത്രത്തിൽ സ്റ്റോർപർച്ചേസ് നിയമത്തിന്റെ പൊതുവ്യവസ്ഥകൾ നിർദ്ദേശിച്ചിട്ടുള്ള ഒരു ഉടമ്പടി, നിരതദ്രവ്യമായി 5000 രൂപയുടെ (അയ്യായിരം രൂപ മാത്രം) സൂപ്രണ്ടിന്റെ പേരിൽ ചേർത്തലയിൽ മാറാവുന്ന വിധം ദേശസാൽകൃത ബാങ്കിൽ നിന്നുള്ള ഡിമാന്റ് ഡ്രാഫ്റ്റ് എന്നിവ ദർഘാസിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

ഓരോ ദർഘാസിനോടൊപ്പം ദർഘാസുകളുടെ പത്ത് ശതമാനത്തിൽ കുറയാത്തതുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റിന്റെ അസ്സലും ഒരു ശരിപ്പകർപ്പും കടം വീട്ടാൻ മുതലുള്ളത്, വ്യാപ്തി ഏതുവരെയെന്നും എവിടെയാണ് പ്രസ്തുത കരാറുകാര ൻ താമസിക്കുന്നതെന്നുമുള്ള സർട്ടിഫിക്കറ്റും ഹാജരാക്കണം. ഈ സർട്ടിഫിക്കറ്റ് 14/02/2025 ലോ അതിനുശേഷമോ അതാത് റവന്യൂ അധികാരികളിൽ നിന്നും നിശ്ചിത ഫോറത്തിൽ വാങ്ങിയവയും കുടികിട സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ അത് ഉൾപ്പെടുത്തിയും ആയിരിക്കണം. കുടികിട സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ സ്ഥലത്തെ സബ് രജിസ്ട്രാറിൽനിന്നും വാങ്ങി ഹാജരാക്കിയാലും മതിയാവുന്നതാണ്.

ദർഘാസ് ഉള്ളടക്കം ചെയ്ത കവറിനു പുറത്ത് 'ദർഘാസ് നം.ബി1-1306/2024/താ.ആ.ആ.ചേ തീയതി.05.03.2025 (2025-26 സാമ്പത്തിക വർഷത്തേയ്ക്ക് ബ്രഡ് വിതരണം ചെയ്യുന്നതിനുള്ള ദർഘാസ്)' എന്ന് രേഖപ്പെടുത്തിയിരിക്കണം. സമർപ്പിക്കുന്ന ദർഘാസുകൾ ആശുപത്രിയിൽ നിന്ന് വാങ്ങിയിട്ടുള്ളതും ആശുപത്രിയിലെ മേലധികാരിയുടെ കൈയ്യൊപ്പും ആഫീസ് മുദ്രയും ഉള്ളതുമായിരിക്കണം.

ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്ത ദർഘാസുകൾ 20.03.2025 പകൽ 2.00 മണി വരെ ആഫീസിൽ സ്വീകരിക്കുന്നതും 20/03/2025 ഉച്ചകഴിഞ്ഞ് 02.30 മണിയ്ക്ക് ദർഘാസുകൾ സമർപ്പിച്ചിട്ടുള്ള വ്യക്തികളുടെയോ അവർ അധികാരപ്പെടുത്തിയവരുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ആവശ്യമായ രേഖകൾ ഹാജരാക്കിയതും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയതുമായ ദർഘാസ് അംഗീകരിക്കുന്നതാണ്. നിശ്ചിത സമയം കഴിഞ്ഞ് സമർപ്പിക്കുന്ന ടെൻഡറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ദർഘാസുകൾ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ആഫീസിൽ നിന്നും അറിയാവുന്നതാണ്.

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ചേർത്തല-688524

സൂപ്രണ്ട്

നോട്ടീസ് ബോർഡ്

<u>പകർപ്പ്</u>

1.നോട്ടീസ് ബോർഡിലേയ്ക്ക്
2.ആരോഗ്യ വകുപ്പ് ഡയറക്ട ർ,തിരുവനന്തപുരം(വെബ് സൈറ്റിലേയ്ക്ക്).
3.ജില്ലാ മെഡിക്കലാഫീസർ(ആരോഗ്യം),ആലപ്പുഴ.(ആമുഖ കത്ത് സഹിതം).
4.താലൂക്കാഫീസ്/മുനിസിപ്പൽ ആഫീസ്,ചേർത്തല.
5.താലൂക്ക് സപ്ലൈ ആഫീസ്, ചേർത്തല.
6.സൂപ്രണ്ട് ജനറൽ ആശുപത്രി/വനിതാ ശിശു ആശുപത്രി,ആലപ്പുഴ.
7.ജില്ലാ പബ്ലിക് ഇൻഫർമേഷ ൻ ഓഫീസ്,ആലപ്പുഴ.
8.ഫയ ൽ/സ്റ്റോക്ക് ഫയൽ.

ഭരണഭാഷ-മാതൃഭാഷ

# താലൂക്കാസ്ഥാന ആശുപത്രി,ചേർത്തല

ആശുപത്രി റോഡ്,ചേർത്തല,ആലപ്പുഴ-688524

ഫോൺ നം.[ആഫീസ്]0478-2812693 [ക്യാഷ്വാലിറ്റി] 2812683 [നേഴ്സിംഗ് സൂപ്രണ്ട്] 2821411

thqhcherthala@gmail.com

നം.ബി1-1306/2025 തീയതി.05.03.2025

## *വിൻഡോ പരസ്യം*

| ക്രമ. നം. | ഇനവിവരം | ഒരു വർഷത്തേയ്ക്കുള്ള ഏകദേശ അളവ് |
|---|---|---|
| 1 | ബ്രഡ്(വെള്ള) | 10000 kg |
| 2 | അടങ്കൽ തുക | 500000/-(അഞ്ച് ലക്ഷം) |
| 3 | നിരതദ്രവ്യം | 5000/- |
| 4 | ടെൻഡർ ഫാറത്തിന്റെ വില | 1000/- + GST(18%) |
| 5 | ടെൻഡർ കാലയളവ് | 1/4/2025 മുതൽ 31/3/2026 വരെ |
| 6 | ടെൻഡർ ഫാറം നല്കുന്ന അവസാന തീയതി | 18/03/2025 പകൽ 2 മണി |
| 7 | ടെൻഡർ ഫാറം സ്വീകരിക്കുന്ന അവസാന തീയതി | 20/03/2025 പകൽ 2.00 മണി വരെ |
| 8 | ടെൻഡർ തുറക്കുന്ന തീയതി | 20/03/2025 പകൽ 2.30 മണി |

സൂപ്രണ്ട്